(ഡി) ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ സംരക്ഷണത്തിനായി സർക്കാർ സഹായത്തോടെ ഖാദിബോർഡും ഖാദി കമ്മീഷനും ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡുംവഴി പലവിധ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം

*10 [283] ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. തോമസ് ഐസക്:
ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണനിലവാര പരിശോധനയ്ക്ക് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം ഗുണനിലവാരം കുറഞ്ഞതും നിരോധിക്കപ്പെട്ടതും ബ്ലോക്ക് ലിസ്റ്റിൽപ്പെടുത്തിയതുമായ ധാരാളം മരുന്നുകൾ വിപണിയിൽ വിറ്റ് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് ഒഴിവാക്കാൻ മരുന്നുകളുടെ പരിശോധന യഥാസമയം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റ് അനുസരിച്ച് ഔഷധ നിർമ്മാതാക്കൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിനുമുമ്പ് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് നിയമമുണ്ട്. ആയതിനാൽ മാർക്കറ്റിൽ നിന്നും റാൻറം സാമ്പിളുകൾ മാത്രമാണ് പരിശോധിക്കുന്നത്. സംസ്ഥാനത്ത് സർക്കാർ ഉടമയിൽ തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. വാക്സിൻ, സിറനുല്, കാറ്റ്ഗറ്റ് തുടങ്ങിയ ഇനം മരുന്നുകൾ പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനമില്ലാത്തതിനാൽ അത്തരം ഔഷധങ്ങൾ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി, കസൗളി, കൽക്കത്ത എന്നിവിടങ്ങളിൽ നിന്നും പരിശോധിപ്പിക്കുന്നുണ്ട്.

(ബി) റാൻറം സാമ്പിളുകൾ ടെസ്റ്റ് ചെയ്യാൻ 3 മുതൽ 6 മാസം വരെ സമയം എടുക്കുന്നുണ്ട്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ ഒട്ടും കാലവിളംബം വരുത്താതെ പരിശോധന നടത്താൻ സംവിധാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റ് അനുസരിച്ച് ഔഷധ നിർമ്മാതാക്കൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിനുമുമ്പ് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് നിയമമുണ്ട്. ആയതിനാൽ മാർക്കറ്റിൽ നിന്നും റാൻറം സാമ്പിളുകൾ മാത്രമാണ് പരിശോധിക്കുന്നത്. എങ്കിലും ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിപണിയിൽ വിൽപ്പന നടത്തുന്നു എന്ന് ബോദ്ധ്യമായാൽ ആ മരുന്നുകൾ നിരോധിക്കാനും നിർമ്മാതാക്കൾക്കെതിരെ നടപടി എടുക്കാനും നിയമമുണ്ട്. നിരോധിക്കപ്പെട്ടതും ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയതുമായ മരുന്നുകൾ വിപണിയിൽ വിറ്റു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മരുന്നുകളുടെ പരിശോധന വിപുലമാക്കാൻ നിലവിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തുകയും കൂടുതൽ ലാബുകൾ സ്ഥാപിക്കുകയും വേണം. ഇതിനായി എറണാകുളത്തും കോഴിക്കോടും 2 റീജിയണൽ ലബോറട്ടറികൾ സ്ഥാപിക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ ഇതുവരെ അനുവദിക്കുകയുണ്ടായിട്ടില്ല. എന്നിരുന്നാലും തിരുവനന്തപുരത്ത് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി ശക്തിപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് 59.5 ലക്ഷം രൂപ വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഹൈവേ പട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം

*11 [284] ശ്രീ. സ്റ്റീഫൻ ജോർജ്:
" ജോസഫ് എം. പുതുശ്ശേരി:
" തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ഹൈവേ പട്രോളിംഗിനെക്കുറിച്ചുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഹൈവേ പട്രോൾ വിഭാഗത്തിന് എന്തെല്ലാം അധികാരങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) ഇരുചക്രവാഹനങ്ങൾ പരിശോധന നടത്തുന്നതിൽ നിന്നും ഹൈവേ പട്രോളിംഗിനെ ഒഴിവാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഹൈവേ പട്രോളിംഗിനിടയിൽ അഴിമതി കാണിച്ച് ഉന്നത ഉദ്യോഗസ്ഥരാൽ പിടിക്കപ്പെട്ട കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ഹൈവേ പോലീസ് സംവിധാനത്തെക്കുറിച്ച് ചില ജില്ലകളിൽ നിന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. ഹൈവേ പോലീസ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ രാത്രി പകൽ വ്യത്യാസമില്ലാതെ പരിശോധിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly